Draft #72 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 21-Jun-2023 03:19 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം: SF-1, IQAC എന്നി സെക്ഷനുകളിലെ ഫയലുകളുടെ കൈമാറ്റം - ക്രമീകരണങ്ങൾ- അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 6916/AD A1/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 21.06.2023

---

*പരാമർശം:*-1. സർവ്വകലാശാലാ ഉത്തരവ് നമ്പർ. 6408/AD A1/2023/എം.ജി.യു., തീയതി: 07.06.2023.
2. രജിസ്ട്രാറുടെ 16.06.2023 തീയതിയിലെ രജി/2/75/2023 നമ്പർ കുറിപ്പ്, വൈസ് ചാൻസലറുടെ ഉത്തരവ് സഹിതം.

**ഉത്തരവ്**

ജോയിൻറ് രജിസ്ട്രാർ-3 (ഭരണ വിഭാഗം) തസ്തിക വൈസ് ചാൻസലറുടെ ഓഫീസിലേക്ക് മാറ്റുകയും, ടി തസ്തികയിൽ ഉൾക്കൊള്ളിച്ച് പ്രൈവറ്റ് സെക്രട്ടറിയെ നിയമിക്കുകയും ചെയ്ത സാഹചര്യത്തിലുള്ള ക്രമീകരണങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന ക്രമീകരണങ്ങൾ കൂടി ഉടൻ പ്രാബല്യത്തിൽ നടപ്പിൽ വരുത്തിക്കൊണ്ട് പരാമർശം (2) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. SF-1 സെക്ഷനിൽ നിന്നുമുള്ള ഫയലുകൾ അസിസ്റ്റന്റ് രജിസ്ട്രാർ-7 (ഭരണവിഭാഗം) കണ്ടതിനു ശേഷം ഡെപ്യൂട്ടി രജിസ്ട്രാർ-4 (ഭരണവിഭാഗം)-നും തുടർന്ന് രജിസ്ട്രാർക്കും സമർപ്പിക്കേണ്ടതാണ്.
2. SF കേസുകളുമായി ബന്ധപ്പെട്ട ഫയലുകൾ അസിസ്റ്റന്റ് രജിസ്ട്രാർ-7 (ഭരണവിഭാഗം) കണ്ടതിനു ശേഷം നേരിട്ട് രജിസ്ട്രാർക്ക് സമർപ്പിക്കുന്ന രീതി തുടരേണ്ടതാണ്.
3. IQAC സെക്ഷനിൽ നിന്നുമുള്ള ഫയലുകൾ അസിസ്റ്റന്റ് രജിസ്ട്രാർ-7 (ഭരണ വിഭാഗം) കണ്ടതിനു ശേഷം ഡെപ്യൂട്ടി രജിസ്ട്രാർ (IQAC)-ക്കും തുടർന്ന് രജിസ്ട്രാർക്കും സമർപ്പിക്കേണ്ടാതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട സെക്ഷനുകൾ/ സെക്ഷൻ ഓഫീസർമാർ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ ധനകാര്യം/പരീക്ഷാ/അക്കാദമികം )
5. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം ജി സർവ്വകലാശാല
6. പി.ആർ.ഒ /ഐ.ടി.സെൽ-1/2/യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ